# കേരള സർക്കാർ

## പ്രിൻസിപ്പാൾ&കൺട്രോളിംഗ് ഓഫീസർ
## ഗവ: ഹോമിയോ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

**സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി (ഹോമിയോ) കോഴ്സിലേയ്ക്കുള്ള പ്രവേശനം 2021-I**

**No.1951/CH/2021/GHMCT** **തീയതി 22.04.2021**

## വിജ്ഞാപനം

**സൂചിക:** 1. ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ആൻഡ് കൺട്രോളിംഗ് ഓഫീസറുടെ 16.04.2021 ലെ 3019/സി4/2020/ജി.എച്ച്.എം.സി.റ്റി. നമ്പർ കത്ത്.

2. **G.O.(MS) No.321/2016/AYUSH Dated 08.07.2016**

**1. ആമുഖം**

1.1 തിരുവന്തപുരം, കോഴിക്കോട് ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജുകളിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി (ഹോമിയോപ്പതി),2021-I കോഴ്സിലേക്കുള്ള പ്രവേശനത്തിന് പ്രിൻസിപ്പാൾ ആൻഡ് കൺട്രോളിംഗ് ഓഫീസർ സൂചിക ഉത്തരവു മുഖേന അംഗീകരിച്ച പ്രോസ്പെക്ടസ് പ്രകാരം അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷ ഓൺലൈനായി സമർപ്പിയ്ക്കേണ്ടത് എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ ഡയറക്ടർക്കാണ്. പ്രോസ്പെക്ടസ്സ് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2021 ഏപ്രിൽ 26 മുതൽ മേയ് 15–ാം തീയതി വരെ കേരളത്തിലെ എല്ലാ ഫെഡറൽ ബാങ്കിന്റെ ശാഖകളിലും www.lbscentre.kerala.gov.in വെബ്സൈറ്റിലൂടെ ലഭിക്കുന്ന ചെല്ലാൻഫോറം ഉപയോഗിച്ചും ഓൺലൈനായും അപേക്ഷാഫീസ് ഒടുക്കാവുന്നതാണ്. അപേക്ഷാനമ്പർ, ചെല്ലാൻ നമ്പർ ഇവ ഉപയോഗിച്ച് അപേക്ഷാഫോറം ഓൺലൈനായി 2021 മേയ് 17 വരെ സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ടോ മറ്റ് സർട്ടിഫിക്കറ്റുകളോ എൽ.ബി.എസ്സ് സെന്ററിലേക്ക് അയക്കേണ്ടതില്ല.

**1.2 സീറ്റുകളുടെ വിന്യാസം**

1.2.1 തിരുവന്തപുരം, കോഴിക്കോട് എന്നീ ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജുകളിൽ 50 സീറ്റുകൾ വീതമാണ് നിലവിലുള്ളത്.

1.2.2 ഗവൺമെന്റ് സ്ഥാപനങ്ങളിലെ എല്ലാ സീറ്റുകളിലേക്കും അപേക്ഷകൻ എസ്.എസ്.എൽ.സി പരീക്ഷയിൽ നേടിയ മൊത്തം മാർക്കിന്റെ അടിസ്ഥാനത്തിൽ എൽ.ബി.എസ്സ് ഡയറക്ടർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് പ്രവേശനം നടത്തുന്നത്.

**സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി (ഹോമിയോപ്പതി) കോഴ്സ് കാലയളവ് ഒരു വർഷം ആയിരിക്കും.**

**2. ജനനം:-**

2.1 മറിച്ചൊരു നിർദ്ദേശമില്ലെങ്കിൽ ഭാരതീയർക്കു മാത്രമെ ഈ സർട്ടിഫിക്കറ്റ് കോഴ്സ് പ്രവേശനത്തിന് അർഹതയുള്ളു. **Persons of Indian Origin (PIO)/Overseas Citizenship of India (OCI)** കാർഡ് ഉള്ളവരെയും, പ്രവേശനത്തിന്റെ അർഹതയ്ക്കായി ഭാരതീയന് ഒപ്പം പരിഗണിക്കും.

**2.2 വിദ്യാഭ്യാസ യോഗ്യത**

അപേക്ഷകർ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന ബോർഡുകൾ നടത്തിവരുന്ന എസ്.എസ്.എൽ.സി യോ തത്തുല്ല്യ പരീക്ഷയോ 50% മാർക്കോടെ പാസ്സായിരിക്കണം.

**2.3 വയസ്സ്**

01–01–2021 ന് 17 വയസ്സ് പൂർത്തിയാക്കിയിരിക്കണം. ഉയർന്ന പ്രായപരിധി ജനറൽ വിഭാഗത്തിന് 33 വയസ്സും സർവ്വീസ് ക്വാട്ടായിൽ അപേക്ഷിക്കുന്നവർക്ക് 48 വയസ്സും ആയിരിക്കും. പ്രായപരിധി കണക്കാക്കുന്നത് അപേക്ഷാ സമർപ്പണത്തിനുള്ള അവസാനദിവസം അടിസ്ഥാനമാക്കിയായിരിക്കും.

**3. എപ്പോൾ എങ്ങിനെ അപേക്ഷിക്കണം**

സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി (ഹോമിയോപ്പതി) എന്ന കോഴ്സിന് രണ്ടു കോളേജുകളിലേക്കും അപേക്ഷിക്കുന്നതിന് ഓൺലൈനിൽക്കൂടി സമർപ്പിക്കുന്ന ഒരു അപേക്ഷ മതിയാകും. ഓൺലൈൻ ചെയ്യുന്നതിനുള്ള സൗകര്യം www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഒന്നിൽ

## 3.1 അപേക്ഷാഫീസ്

അപേക്ഷാഫീസ് താഴെ കൊടുത്തിരിക്കുന്നതു പ്രകാരമായിരിക്കും:

| | |
|---|---|
| പൊതുവിഭാഗത്തിന് | : 400 രൂപ |
| പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് | : 200 രൂപ |

**(20.06.2008 ലെ GO (MS) W.25/2005/SCSTDD ഉത്തരവിലെ ക്ലോസ് 2 (ii) പ്രകാരം പ്രോസ്പെക്ടസിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഒരാൾ SC/ST വിഭാഗത്തിൽപ്പെടുന്ന മിശ്രവിവാഹിത ദമ്പതികളുടെ മക്കൾക്ക്, SC/ST വിഭാഗത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ, സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കും. ഇവർ SC/ST വിഭാഗത്തിനുള്ള അപേക്ഷാഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം റവന്യു അധികാരികളിൽ നിന്നും ലഭിച്ച മിശ്രവിവാഹ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്.)**

**യാതൊരു കാരണവശാവും അപേക്ഷാഫീസ് ഇനത്തിൽ ഒടുക്കിയ തുക തിരികെ ലഭിക്കുന്നതല്ല.**

## 3.2. അപേക്ഷാഫീസ് നൽകേണ്ട വിധവും അപേക്ഷാഫോറം സമർപ്പിക്കേണ്ട വിധവും

### 3.2.1. സർവ്വീസ് ക്വാട്ട ഒഴികെയുള്ള അപേക്ഷകർക്ക്

എൽ.ബി.എസ്സ് സെന്റർ ഡയറക്ടറുടെ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി 2021 ഏപ്രിൽ 26 മുതൽ 2021 മേയ് 15 വരെ അപേക്ഷാഫീസ് ഒടുക്കാവുന്നതാണ്. അപേക്ഷകർ ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖ വഴിയോ അപേക്ഷാഫീസ് ഒടുക്കേണ്ടതാണ്. അപേക്ഷാഫീസ് ഒടുക്കിയ അപേക്ഷകർക്ക് 2021 ഏപ്രിൽ 26 മുതൽ മേയ് 17 വരെ ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

### 3.2.2 സർവ്വീസ് ക്വാട്ടയിലെ അപേക്ഷകർ

സർവ്വീസ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർ അപേക്ഷാഫീസ് സർക്കാർ ട്രഷറിയിൽ "0210-03-105-99" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കിയതിനുശേഷം പ്രോസ്പെക്ടസിലെ 7.3.2.,7.6 എന്നീ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

### 3.2.3. ഓപ്പൺ ക്വാട്ടയിൽ അപേക്ഷിക്കുന്ന സർവ്വീസ് അപേക്ഷകർ

സർവ്വീസ് ക്വാട്ടയിലെ അപേക്ഷാർത്ഥികൾക്കും ഓപ്പൺ ക്വാട്ടയിൽ അപേക്ഷിക്കുന്നതിന് കേരളത്തിലെ നിർദ്ദിഷ്ട ഷെഡ്യൂൾഡ് ബാങ്കിന്റെ നിർദ്ദിഷ്ട ശാഖയിൽ ഫീസ് ഒടുക്കേണ്ടതാണ്. (ട്രഷറിയിൽ തുക ഒടുക്കിയതിനു പുറമെ) ഓപ്പൺ അപേക്ഷകൾക്കുള്ള മാർഗ്ഗ നിർദ്ദേശം പറഞ്ഞിരിക്കുന്നതുപോലെ അപേക്ഷിക്കേണ്ടതാണ്. തുടർന്ന് നിശ്ചിത സമയത്ത് കോളജ് ഓപ്ഷനും നൽകേണ്ടതാണ്.

## 3.3 പ്രോസ്സ്പെക്ടസ്സിന്റെ ലഭ്യത

പ്രോസ്സ്പെക്ടസ്സ് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.

## 3.4 അപേക്ഷാഫോറം സമർപ്പിക്കുന്ന രീതി (സർവ്വീസ്സ് ക്വാട്ടയിലെ അപേക്ഷകർ ഒഴികെ)

അപേക്ഷ സമർപ്പിക്കുന്നതിന് അഞ്ച് ഘട്ടങ്ങൾ ഉണ്ട്. അപേക്ഷകർ എല്ലാ ഘട്ടങ്ങളും നിർബന്ധമായും സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. ഇതിലേക്കുള്ള തീയതികൾ പത്രമാധ്യമങ്ങളിലൂടെയും വെബ് സൈറ്റിലൂടെയും പ്രസിദ്ധപ്പെടുത്തുന്നതാണ്.

**ഘട്ടം 1: രജിസ്ട്രേഷൻ**

അപേക്ഷകർ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് 'various allotments' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്തശേഷം **"Admission to Certificate course in Pharmacy(Homoeo),2021-I"** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

ഫീസ് അടയ്ക്കുന്നതിന് **'New Candidate'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് അപേക്ഷാർത്ഥിയുടെ അടിസ്ഥാന വ്യക്തിഗതവിവരങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുക. അപ്പോൾ കിട്ടുന്ന ആപ്ലിക്കേഷൻ നമ്പർ ഉപയോഗിച്ച് അപേക്ഷാഫീസ് അടയ്ക്കാവുന്നതാണ്. ലോഗിൻ ചെയ്യാനുപയോഗിക്കുന്ന ആപ്ലിക്കേഷൻ നമ്പറും, രജിസ്ട്രേഷൻ ഐ.ഡിയും, പാസ്സ്‌വേർഡും അപേക്ഷാർത്ഥികൾ സൂക്ഷിച്ചു വയ്ക്കേണ്ടതാണ്.

**ഘട്ടം 2: ആപ്ലിക്കേഷൻ ഫീസ് ഒടുക്കൽ**

ഫീസ് ഓൺലൈനായോ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന ചെല്ലാൻ മുഖേനയോ അടയ്ക്കാം. ഓൺലൈനായി അടയ്ക്കുന്നവർക്ക് തുടർന്നു തന്നെ ഓൺലൈൻ ആപ്ലിക്കേഷൻ ഫോം പൂരിപ്പിക്കാവുന്നതാണ്. ചെല്ലാൻ വഴി ഫീസ് അടയ്ക്കുന്നവർക്ക് 24 മണിക്കൂർ കഴിഞ്ഞോ അല്ലെങ്കിൽ പറഞ്ഞിരിക്കുന്ന സമയത്തിനുശേഷമോ വെബ്സൈറ്റു വഴി ലോഗിൻ ചെയ്ത് ഫീസ് ഒടുക്കിയ വിവരങ്ങൾ രേഖപ്പെടുത്തി ആപ്ലിക്കേഷൻ ഫോം പൂരിപ്പിക്കുന്നത് തുടരാം. ഇതിനായി ബാങ്കിൽ ഫീസ് അടയ്ക്കുമ്പോൾ ലഭിക്കുന്ന ചെല്ലാൻ നമ്പർ സൂക്ഷിച്ചു വയ്ക്കേണ്ടതാണ്.

**ഘട്ടം 3: അക്കാദമിക് വിവരങ്ങൾ ഉൾപ്പെടെ മറ്റ് വിവരങ്ങൾ രേഖപ്പെടുത്തുക.**

**ഘട്ടം 4: ഫോട്ടോയും ഒപ്പും സർട്ടിഫിക്കറ്റുകളും അപ്‌ലോഡ് ചെയ്യുക.**

വ്യക്തിഗത വിവരങ്ങൾ യോഗ്യതാ പരീക്ഷാ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയതിൽ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ (to proove age, Nativity, Reservation/Concession(if any) and marklist) ആണ് ഈ ഘട്ടത്തിൽ അപ്‌ലോഡ് ചെയ്യേണ്ടത്. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള എല്ലാ സർട്ടിഫിക്കറ്റുകളും പ്രോസ്പെക്ടസ്സിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിശ്ചിത ഫോമിൽ തന്നെ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**ഘട്ടം 5: ഫൈനൽ കൺഫർമേഷൻ:**

ഫൈനൽ കൺഫർമേഷൻ നൽകുന്നതിന് മുൻപായി അപേക്ഷകർക്ക് അപേക്ഷയുടെ പതിപ്പ് കാണുവാൻ കഴിയും ഘട്ടം നാല് വരെ ശരിയായി പൂർത്തീകരിച്ചു എന്ന് ഉറപ്പുവരുത്തിയ ശേഷം ഫൈനൽ കൺഫർമേഷൻ നൽകുക. ഇതിനുശേഷം അപേക്ഷയുടെ പ്രിന്റ് എടുത്ത് സൂക്ഷിക്കുക. ഫൈനൽ കൺഫർമേഷൻ നൽകാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.

**4. റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ:-**

പ്രോസ്പെക്ടസ് വകുപ്പ് 8 പ്രകാരം അപേക്ഷകരുടെ യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക് ഒരു പൊതു ഇൻഡക്സ് സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതാണ്.

**5. കേന്ദ്രീകൃത അലോട്ട്മെന്റ്**

സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി എൽ.ബി.എസ്സ് സെന്റർ ഡയറക്ടർ, പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസറിന്റെ മേൽനോട്ടത്തിൽ നടത്തുന്ന ഒരു കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെയായിരിക്കും അപേക്ഷകരെ തിരഞ്ഞെടുക്കുന്നത്. റാങ്ക് ലിസ്റ്റിൽ സ്ഥാനം പിടിക്കുന്ന അപേക്ഷകർ ഓൺലൈനായി കോളേജ് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓപ്ഷൻ രജിസ്റ്റർ ചെയ്യേണ്ട സമയപരിധി വെബ്സൈറ്റിലും പത്രമാധ്യമങ്ങളിലൂടെയും പ്രസിദ്ധപ്പെടുത്തും.

6. വൈകി ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

7. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങളോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല.

8. അപൂർണ്ണമായതോ, തെറ്റായി ഓൺലൈനിൽക്കൂടി സമർപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇതു സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

9. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് പ്രോസ്പെക്ടസ്സിലെ വിവിധ വ്യവസ്ഥകൾ അപേക്ഷാർത്ഥികൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

10. പ്രോസ്പെക്ടസ്സിൽ പ്രതിപാദിക്കപ്പെടാത്ത ഏതെങ്കിലും വിഷയത്തിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർക്കായിരിക്കും.

**പ്രിൻസിപ്പാൾ&കൺട്രോളിംഗ് ഓഫീസർ**

തിരുവനന്തപുരം
22.04.2021

പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓ...
സർക്കാർ ഹോമിയോപ്പതിക് മെഡി...
തിരുവനന്ത...